നം.കെ.എസ്.എ-കെ.ടി.എം.പി15/176/2020 തീയതി : 05.05.2020

# കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **പള്ളം ബ്ലോക്ക്** പഞ്ചായത്തിന്റെ **2018-2019** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 1.04.2018 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 13.02.2020ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2020 – 13.02.2020 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റ്റി.റ്റി. ശശീന്ദ്രനാഥ്. | 01.04.2018-31.03.2019 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ലതാകുമാരി സലിമോൻ | 01.04.2018-22.5.18 |
| | ശ്രീമതി ജെസി ചാക്കോ | 22.05.18 -31.03.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ബെറ്റി റ്റോജോ | 01.04.2018-31.03.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.റോയി ജോൺ | 01.04.18 - 05.06.2018 |
| | ശ്രീ.റെജിമോൻ ജോസഫ് | 17.7.18-31.03.2019 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.ജോയിസ് ജോസഫ് | 01.04.2018-5.6.18 |

| | | |
|---|---|---|
| | വിനോദ്.പി.കുര്യൻ | 17.7.18 - 31.03.2019 |
| സെക്രട്ടറി | ശ്രീ.പി.കെ അപ്പുക്കുട്ടൻ | 01.04.2018- 23.10.18 |
| | സിറിയക്ക് റ്റി.കുര്യാക്കോസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 24.10.18 -31.03.2019 |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| സി.ഡി.പി.ഒ., | ശ്രീമതി അംബിക എൽ. | 01.04.2018-7.7.2018 |
| | ശ്രീമതി സുമ സി.എസ് (ഇൻ ചാർജ്ജ്) | 8.7.2018-19.7.2018<br>24.01.19-31.3.2019 |
| | ശ്രീമതി ഷജീല ബീവി | 20.7.19 – 23.01.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അനീഷ് എസ്.നായർ | 01.04.2018- 20.06.2018 |
| | ശ്രീമതി റെജിമോൾ പി.പി. | 20.06.2018- 25.06.2018 |
| | ശ്രീമതി ശാലിനി ബാലകൃഷ്ണൻ | 26.06.2018- 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഷേർലി അലക്സ് | 01.04.18-- 24.9.2018 |
| | ശ്രീ.കെ.മനോഹരൻ | 24.9.2018-12.11.2018 |
| | ശ്രീമതി രേവതിക്കുട്ടി കെ.ആർ | 21.11.2018-31.03.2019 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ടെസ്സി എബ്രഹാം | 01.04.2018- 12.10.2018 |
| | ശ്രീമതി മിനി എസ്.തമ്പി | 24.10.18 -31.3.2019 |
| സൂപ്രണ്ട്, വൃദ്ധസദനം | ശ്രീ.ജയൻ എസ്. | 01.04.2018- 31.03.2019 |
| എസ്.സി.ഡി.ഒ , | ശ്രീ.സന്തോഷ് ശിവാനന്ദൻ | 01.04.2018- 31.03.2019 |
| സീനിയർ വെറ്റിനറി സർജൻ | ഡോ.എം.കെ സത്യൻ | 01.04.2018- 31.03.2019 |
| വ്യവസായ വികസന ഓഫീസർ | ശരത് ലാൽ എസ്.ടി | 01.04.2018- 31.03.2019 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | അനിൽകുമാർ വി.ജി. | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കുറിച്ചി | ഡോ. മായ.എസ്.രാജപ്പൻ | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി , അയർക്കുന്നം | ഡോ. രേഖ ആർ. | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി , തോട്ടയ്ക്കാട് | ഡോ.പ്രീത എസ്.വൈ. | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി , പനച്ചിക്കാട് | ഡോ. ലാൽ ആന്റണി | 01.04.2018- |

| | | |
|---|---|---|
| | | 28.11.2018 |
| | ഡോ.ജോർജ്ജ് കുര്യൻ | 28.11.2018- 31.03.19 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി , സചിവോത്തമപുരം | ഡോ.രശ്മി ജി. | 01.04.2018- 07.07.2018 |
| | ഡോ.നീത ആലീസ് പോൾ | 07.07.2018- 31.03.2019 |

<u>**ഉള്ളടക്കം**</u>



| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
|---|---|
| ഖണ്ഡിക നം. | ഖണ്ഡിക |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | ക്യാഷ് വെരിഫിക്കേഷൻ |
| 1-8 | രസീത് പരിപാലനം – പൊതുനിർദ്ദേശങ്ങൾ |
| 1-9 | ഗുണഭോക്തൃവിഹിതം -രസീത് ഉപയോഗിക്കാതെ പണം പിരിവ് നടത്തി |
| 1-10 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് ധനസഹായം നൽകൽ – പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 1-11-1 | അയർക്കുന്നം സി.എച്ച്.സി. – മരുന്നുകൾ ലഭ്യമായില്ല |
| 1-11-2 | സചിവോത്തമപുരം സി.എച്ച്.സി. – മരുന്നുകൾ ലഭ്യമായില്ല |
| 1-11-3 | കുറിച്ചി ഹോമിയോ ആശുപത്രി – മരുന്നുകൾ ലഭ്യമായില്ല |
| 1-12 | വിവിധ ഏജൻസികളിൽ പ്രവൃത്തികൾക്കായി നൽകിയ ഭീമമായ തുകകൾ ഡെപ്പോസിറ്റായി തുടരുന്നു |
| 1-13 | 2.5 ലക്ഷം രൂപയിൽ കൂടുതലുള്ള ഇടപാടുകൾക്ക് സ്രോതസ്സിൽ നികുതി കുറവ് ചെയ്തില്ല |
| 1-14 | വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം – പ്രവർത്തനവിലയിരുത്തൽ നടത്തിയിട്ടില്ല |
| 1-15 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 1-16 | ഐ.എ.വൈ.പ്ലാൻ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ് |
| 1-17 | പി.എം.എ.വൈ.ലൈഫ് ഭവനനിർമ്മാണപദ്ധതി – ഗുണഭോക്താവിന് തുക അധികം നൽകി |
| 1-18 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചില്ല – കാരണം രേഖപ്പെടുത്തിയില്ല |
| 1-19 | കുറിച്ചി പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നൽകൽ – വിനിയോഗ സാക്ഷ്യപത്രമില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-20 | വിനിയോഗസാക്ഷ്യപത്രമില്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | |
|---|---|
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് ധനസഹായം നൽകൽ – അനുവദനീയമായ നിരക്കിൽ അധികമായി തുക നൽകി |
| **ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-2019 വർഷത്തെ ബജറ്റ് 25.3.18 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.02.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർത്ഥ വരവുചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 12889704 | 9466748 | 3422956 |
| വരവ് | 224370777 | 58531689 | 165839088 |
| ആകെ | 237260481 | 67998437 | 169262044 |
| ചെലവ് | 235718701 | 52488041 | 183230660 |
| നീക്കിയിരിപ്പ് | 1541780 | 15510396 | 13968616 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ

ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33858000 | 33858000 | 31539591 | 2318409 | 93.15 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11937000 | 11937000 | 5736468 | 6200532 | 48.06 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 826000 | 826000 | 462500 | 363500 | 55.99 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3976000 | 3976000 | 39758089 | 192 | 99.99 |
| ബി ഫണ്ട് | 830000 | 830000 | 830000 | 830000 | | |
| തനത്/ജനറൽ പർപ്പസ് ഫണ്ട് | 692566 | 9211765 | 9904331 | 5295891 | 4608440 | |
| ഐഡബ്ല്യൂഎംപി | 85688 | 1743101 | 1828789 | 269348 | 1559441 | |
| റ്റിഎസ്സി | 793235 | 31000 | 824235 | 7642 | 816593 | |

## 1-3 പദ്ധതി അവലോകനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 വാർഷിക പദ്ധതിക്ക് 6.2.2019ലെ 6(9)നമ്പർ തീരുമാനപ്രകാരം അന്തിമഭരണാനുമതിയും 15.2.2019ലെ 490/18/ഡി.പി.സി/ഡി.പി.ഒ/കെ.ടി.എം. നമ്പരായി ഡി.പി.സി.യുടെ അന്തിമ അംഗീകാരവും ലഭിച്ചു. വിവിധ സ്രോതസ്സുകളിൽ നിന്ന് വകയിരുത്തിയ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 69525378/- രൂപയും ആകെ ചെലവ് 42638949/- രൂപയുമാണ്. അംഗീകാരം ലഭിച്ച 101പ്രോജക്ടുകളിൽ 85എണ്ണം നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനു തുടർച്ചയായി പാലിക്കേണ്ട ആസൂത്രണരീതികളും നിബന്ധനകളും സംബന്ധിച്ച മാർഗ്ഗരേഖാ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 17.2.18 ൽ ബ്ലോക്ക് ഗ്രാമസഭയും 27.2.18 -ൽ വികസനസെമിനാറും ചേർന്നിട്ടുണ്ട്. എന്നാൽ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം ചേരുക എന്ന മാർഗ്ഗരേഖാ നിർദ്ദേശപ്രകാരമുള്ള ഘട്ടങ്ങൾ അവലംബിച്ചിട്ടില്ല. ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. ഓരോ വിഷയമേഖലയുടേയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒറ്റ തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ മേൽനിരീക്ഷണവും നിയമാനുസരണചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല.

പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിനാൽ ക്യൂ-ബില്ലിനത്തിൽ ആകെ 44,97,256/-രൂപ നഷ്ടപ്പെട്ടു. വാർഷികപദ്ധതിയിൽ സെക്രട്ടറി നടപ്പാക്കിയ ഭൂരിഭാഗം പ്രോജക്ടുകളും നിക്ഷേപ പ്രവൃത്തികളായിരുന്നു. ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ്, പട്ടിക വർഗ്ഗ കുടുബങ്ങൾക്ക് സൗരറാന്തൽ എന്നീ പ്രോജക്ടുകൾ അഭിനന്ദനാർഹമാണ്. ഉല്പാദനമേഖലയിൽ പാടശേഖര സമിതികൾക്ക് പെട്ടി പറ,മോട്ടോർ വാങ്ങി നല്കൽ എന്ന പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 4 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും ഒരു പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയത്. ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ കേവലം മരുന്ന് വാങ്ങൽ പ്രോജക്ടുകളിലൊതുങ്ങാതെ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ഉതകുന്ന തരത്തിലുള്ള പ്രോജക്ടുൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2018-19 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 31 | 22302364 | 19325701 | 86.6 |
| സി.ഡി.പി.ഒ. | 9 | 7 | 6728652 | 1720476 | 25.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ/ വെറ്ററിനറി സർജൻ | 2 | 2 | 2425000 | 2052590 | 84.64 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 371754 | 340355 | 91.5 |
| അസിസ്റ്റന്റ് എൻജിനീയർ | 36 | 30 | 16701398 | 11366345 | 68 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 1 | 11554490 | 600000 | 5.1 |
| സൂപ്രണ്ട് , സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനം | 1 | 1 | 150000 | 148067 | 98.71 |
| മെഡിക്കൽ ഓഫീസർ, ഗവ.ആശുപത്രി | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 4 | 4 | 1000000 | 636335 | 63.6 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 2250000 | 500000 | 22.2 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 5391820 | 5299080 | 98.2 |

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും പാലിക്കുകയും ചെയ്തതായി കാണുന്നു. സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററുകൾ

സൂക്ഷിക്കുന്നു. നിർവ്വഹണഉദ്യോഗസ്ഥർ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് ഔദ്യോഗികമായ രസീതുകൾ ഉപയോഗിക്കുന്നില്ല എന്ന അപാകമൊഴിച്ചാൽ മറ്റ് അപാകങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല.

## 1-5 വാർഷികകണക്കുകളുടെ അവലോകനം

വാർഷിക കണക്കുകളിന്മേലുള്ള പ്രാഥമിക പരിശോധന 22.8.2019ൽ നടത്തി കെ.എസ്.എ- കെ.ടി.എം-പി15/1331/2019/29.8.2019 നമ്പരായി വിശേഷണങ്ങളോടുകൂടിയ ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു. പരിശോധനയിൽ കണ്ടെത്തിയ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് തീയതിയിലും പരിഹരിച്ചിട്ടില്ല.

1.26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. 31.03.2019 -ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ശീർഷകം 320100199, 320700103 ലെ കണക്കുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 പ്രകാരമുള്ള തുകകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

4.ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 വാഹനങ്ങൾ B-11ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെട്ടിട്ടില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2019-21.06.2019 | 2018-2019 | 32/DPAW/KTM2019/ 19.7.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/2014 | 2010-11 മുതൽ 2012- 2013 വരെ | No.LBA(HQ)/ 118A-2048/190/ dtd 25.08.2014 |

## 1-7 കാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.2.2020-ൽ 03.30 പി.എം.ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഈ ദിവസം ഫ്രണ്ട് ഓഫീസ് കളക്ഷൻ ഇനത്തിൽ വരവൊന്നും ഉണ്ടായിരുന്നില്ല.

## 1-8 രസീത് പരിപാലനം - പൊതു നിർദ്ദേശങ്ങൾ

1) രസീത് മുഖേന ലഭ്യമാകുന്ന തുകകൾ അതത് ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറിയിൽ അടവാക്കേണ്ടതും ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

2) സാംഖ്യ രസീതുകളുടെ സ്റ്റോക്ക് ആയത് ലഭ്യമായ തീയതി,വലഭ്യമാക്കിയ ഓഫീസ് തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രസീതുകൾ ഉപയോഗത്തിനായി വിതരണം ചെയ്യുന്ന വിവരങ്ങൾ വിതരണം ചെയ്യുന്ന തീയതി, രസീത് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3) രസീതുകൾ റദ്ദ് ചെയ്യുമ്പോൾ വ്യക്തമായ കാരണം രേഖപ്പെടുത്തേണ്ടതും സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-9 ഗുണഭോക്തൃ വിഹിതം - രസീത് ഉപയോഗിക്കാതെ

# പണംപിരിവ് നടത്തി

പള്ളം ബ്ലോക്കിന്റെ 2018-19 വർഷത്തെ രസീത് പരിശോധനയിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ താഴെപ്പറയും പ്രകാരം വരവുള്ളതായി കാണുന്നു.

| ക്രമനമ്പർ | സാംഖ്യ രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 118050100032 | 21/02/2019 | 77000 |
| 2 | 118050100033 | 22/02/2019 | 11550 |
| 3 | 118050100034 | 23/02/2019 | 1050 |
| 4 | 118050100035 | 01/03/2019 | 31850 |
| 5 | 118050100038 | 05/03/2019 | 12950 |
| 6 | 118050100040 | 08/03/2019 | 3500 |
| 7 | 118050100041 | 16/03/2019 | 14000 |
| 8 | 118050100042 | 19/03/2019 | 5950 |
| 9 | 118050100044 | 28/03/2019 | 5600 |
| 10 | 118050100045 | 28/03/2019 | 11550 |
| | ആകെ | | 175000 |

പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ (78/2018-19) എന്ന പ്രോജക്ടിന്റെ ഭാഗമായി പട്ടികജാതി വികസന ഓഫീസർ അടവാക്കിയ ഗുണഭോക്തൃവിഹിതമാണ് മേൽതുക. എന്നാൽ ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി - 5/11-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് മുഖേനയല്ലാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നത് സുതാര്യതയില്ലാത്ത നടപടിയാണ്. പണംപിരിവ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാൻ ഇക്കാരണത്താൽ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ടിന്റെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ

ബിൽ നം - 1/18-19 26.11.2018 - 250000/-

2/18-19 27.12.2018 - 250000/-

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം 2018-19 വർഷത്തിൽ 20 വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. 14/02/2018 ലെ സ ഉ (കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സ് | അനുവദനീയമായ സ്കോളർഷിപ്പ് |
|---|---|---|
| 1 | മെഡിക്കൽ കോഴ്സ് | 30000/- |
| 2 | എഞ്ചിനീയറിംഗ് കോഴ്സ് | 25000/- |
| 3 | ബിരുദം | 20000/- |
| 4 | ബിരുദാനന്തര ബിരുദം | 30000/- |
| 5 | ഗവേഷണം | 30000/- |
| 6 | പോളിടെക്നിക് | 20000/- |
| 7 | മറ്റ് കോഴ്സുകൾ (സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ) | 15000/- |
| 8 | സംസ്ഥാനത്തിനു പുറത്തുള്ള അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സുകൾ | 50000/- |
| 9 | എൻട്രൻസ് കോച്ചിംഗ്. | 5000/- |

എന്നാൽ പട്ടികജാതി വികസന ഓഫീസർ ഈ മാർഗ്ഗരേഖാ നിർദ്ദേശങ്ങളേക്കാൾ അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നനമ്പർ | പേര് | കോഴ്സ് | നൽകിയ തുക | നൽകേണ്ടി-യിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | നന്ദന പി ബിജു | ബി എസ് സി ഒപ്റ്റോമെട്രി മൂന്നാംവർഷം ലിറ്റിൽ ഫ്ലവർ ഇൻസിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് | 25000 | 20000 | 5000 |
| 2 | അഞ്ജലി കെ സോമൻ | ജനറൽ നേഴ്സിംഗ് & മിഡ്വൈഫ്റി, മൂന്നാംവർഷം, മെഡിക്കൽ കോളേജ് കോട്ടയം | 25000 | 15000 | 10000 |
| 3 | രാഹുൽ രാജ് | ബി.കോം ഫിനാൻസ് & ലേണിംഗ്, ഗിരിദീപം ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ് ലേണിംങ് | 25000 | 20000 | 5000 |
| 4 | ജിനീഷ എസ് | ബാച്ച്ലർ ഓഫ് ഫിസിയോതെറാപ്പി, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | 25000 | 20000 | 5000 |
| 5 | രേഖവേണി എം | ബി എ എകണോമിക്സ് ബി സി എം കോളേജ് കോട്ടയം | 25000 | 20000 | 5000 |
| 6 | അഞ്ജന ശശികുമാർ | ബിഎസ്സി നേഴ്സിംഗ്, ഇന്ദിരാഗാന്ധി കോളേജ് ഓഫ് | 25000 | 20000 | 5000 |

| | | | | | |
|---|---|---|---|---|---|
| | | നേഴ്സിംഗ്, കൊച്ചി | | | |
| 7 | ശ്രീജ തങ്കപ്പൻ | ആയുർവേദ നേഴ്സിംഗ് & പഞ്ചകർമ്മ,<br>അമൃത പാരാമെഡിക്കൽ ട്രെയിനിംഗ് സെന്റർ | 25000 | 15000 | 10000 |
| | | | | ആകെ | 45000/- |

ധനസഹായ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം അനുവദിച്ച 45000/- രൂപ നിരാകരിക്കുന്നു.

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിനു യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്. എന്നാൽ ധനസഹായം നൽകിയ താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | കോഴ്സ് | നൽകിയ തുക |
|---|---|---|---|
| 1 | ശ്രുതി ദിനേശൻ | എം എ എകണോമിക്സ്.<br>മഹാരാജാസ് കോളേജ് കോട്ടയം | 25000 |
| 2 | രേഷ്മ രഘു | എം.കോം. ഫിനാൻസ്.<br>പ്രൈവറ്റ് രജിസ്ട്രേഷൻ എം ജി സർവ്വകലാശാല,<br>രജിസ്ട്രേഷൻ നമ്പർ ലഭ്യമല്ല.പഠിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ ലഭ്യമല്ല. | 25000 |

രേഖകളുടെ അഭാവത്തിൽ അനുവദിച്ച ധനസഹായത്തുകയായ 50000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി – 8/12-02-2020)നൽകിയ മറുപടിയിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു.

# 1-11-1 അയർക്കുന്നം സി എച്ച് സി - മരുന്നുകൾ ലഭ്യമായില്ല

അയർക്കുന്നം സി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി (പ്രോജക്ട്നം.42/18-19) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനത്തിന് 2,00,000/- രൂപ അക്കൗണ്ടിലേക്ക് 09-11-2018 ൽ നൽകിയിരുന്നു.(ബിൽ നം.1/18-19) 7878/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി -2/06-02-2020) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനുമായി കത്തിടപാടുകൾ നടത്തിവരുന്നതായി അറിയിച്ചു. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 7878/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11-2 സചിവോത്തമപുരം സി എച്ച് സി - മരുന്നുകൾ ലഭ്യമായില്ല.

സചിവോത്തമപുരം സി.എച്ച്. സി.ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി (പ്രോജക്ട്നം.48/18-19) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനത്തിന് 1,50,000/-രൂപ അക്കൗണ്ടിലേക്ക് 22.02.2019ൽ നൽകിയിരുന്നു (ബിൽ നം.1/18-19). എന്നാൽ 7610/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി - 1/06-02-2020) മറുപടിയിൽ മരുന്നുകൾ

ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരങ്ങൾ ധരിപ്പിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 7610/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11-3 കുറിച്ചി ഹോമിയോ ആശുപത്രി - മരുന്നു ലഭ്യമായില്ല

കുറിച്ചി ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി (പ്രോജക്ട് നം.32/18-19) ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 4,50,000/- രൂപ 27.07.2018 (ബിൽ നം.1/18-19) നം 50000/- 02.11.2018 (ബിൽ നം.2/18-19)നം അക്കൗണ്ടിലേക്ക് നൽകിയിരുന്നു. 4,50,000/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി - 3/10-02-2020) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ 2019-20 ലെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായതായി മെഡിക്കൽ ഓഫീസർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇൻഡന്റ് നൽകി ഒന്നരവർഷത്തിലേറെയായിട്ടും 4,50,000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 4,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 വിവിധ ഏജൻസികളിൽ പ്രവൃത്തികൾക്കായി നല്കിയ ഭീമമായ തുകകൾ ഡെപ്പോസിറ്റായി തുടരുന്നു

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മധുരംചേരി കുടിവെള്ള പദ്ധതി 17/19 | 2/15.5.18 | 100000 | 0 | 100000 |
| | ലൗലിലാന്റ് കുടിവെള്ള പദ്ധതി -കുറിച്ചി ഗ്രാ.പ -20/19 | 3/15.5.18 | 600000 | 0 | 600000 |
| | പാപ്പാൻചിറ കുടിവെള്ള പദ്ധതി , ഗ്രാ.പ ,79/19 | 4/4.5.18 | 500000 | 0 | 500000 |
| | സചിവോത്തമപുരം പഴയകോളനിശ്രീധരൻ രക്തസാക്ഷിമണ്ഡപത്തിനു സമീപം കുടിവെള്ളപദ്ധതി -23/19 | 7/15.5.18 | 500000 | 0 | 500000 |
| | മുണ്ടികുന്നേൽ കുടിവെള്ളപദ്ധതി , 117/19 | 82/18.2.19 | 500000 | 0 | 500000 |
| | നെടുംപുഞ്ച കുടിവെള്ളപദ്ധതി ,22/19 | 6/23.5.18 | 500000 | | 500000 |
| | ആകെ | | 2700000 | 0 | 2700000 |
| മൈനർ ഇറിഗേഷൻ വകുപ്പ് | കുളമ്പ്കാട്ടുചിറ ചാലാച്ചിറ തോട് ശുചിയാക്കൽ,80/19 | 19/26.6.18 | 708640 | 0 | 708640 |
| | കുളമ്പ്കാട്ടുചിറ ചാലാച്ചിറ തോട് സംരക്ഷണം ,112/19 | 63/21.12.18 | 1037500 | 0 | 1037500 |
| | ഇരവിനല്ലൂർ കണ്ണംകുളങ്ങര വാച്ചാൽ ശുചിയാക്കൽ ,81/19 | 18/26.6.18 | 700000 | 0 | 700000 |
| | മാങ്ങാനം മന്ദിരം കലുങ്ക് തോട് ശുചീകരണം ,82/19 | 7/19.6.18 | 700000 | 0 | 700000 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 3146140 | 0 | 3146140 |
| വാട്ടർ അതോറിറ്റി | വലിയ പാറ പേരത്ത് കുടിവെള്ള പദ്ധതി ,119/19 | 88/16.3.19 | 500000 | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | വട്ടയ്ക്കാട്ട് കുടിവള്ള പദ്ധതി -21/19 | 80/18.2.19 | 700000 | 0 | 700000 |
| | മാടയ്ക്കത്തോട് ടില്ലർ കം ബ്രിഡ്ജ് നിർമ്മാണം- അയർക്കുന്നം ഗ്രാ.പ ,25/19 | 81/18.2.19 | 600000 | 0 | 600000 |
| | ആകെ | | 1800000 | | 1800000 |

ടി പ്രവൃത്തികൾ നടത്തിയതിന്റെ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ നാളിതുവരെ ലഭിച്ചിട്ടില്ല. ഇപ്രകാരം സർക്കാർ ഗ്രാന്റ് ഇനങ്ങളിലെ ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ നിക്ഷേപമായി തുടരുന്ന അവസ്ഥ ക്രമപ്രകാരമല്ല. മുൻ വർഷങ്ങളിലും നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തികൾ നടപ്പാക്കാത്തപക്ഷം വിവിധ ഏജൻസികളിൽ നിക്ഷേപമായി കിടക്കുന്ന തുകകൾ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# 1-13 2.5 ലക്ഷം രൂപയിൽ കൂടുതലുള്ള ഇടപാടുകൾക്ക് സ്രോതസ്സിൽ നികുതി കുറവ് ചെയ്തില്ല

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 പ്രകാരം 1/10/2018 മുതൽ ഒറ്റ ഇടപാടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലിൽ നിന്നും 2% ജി എസ് റ്റി സ്രോതസ്സിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സി.ഡി.പി.ഒ. നിർവ്വഹണം ചെയ്ത പ്രോജക്ടുകളിൽ ടി തുകയ്ക്ക് മുകളിൽ വാങ്ങൽ വരുന്ന താഴെപറയുന്ന പർചേസ് ബില്ലിൽ നിന്നും ജി എസ് റ്റി സ്രോതസ്സിൽ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.പേര് | സ്ഥാപനം | ആകെ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 61/19<br>കേഴ്വി ശക്തി കുറഞ്ഞ വയോജനങ്ങൾക്ക് ശ്രവണ സഹായി | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 687780<br>ബിൽ നം. 5/28.2.19 | 13756 |
| 39/19<br>വയോജനങ്ങൾക്ക് കട്ടിൽ | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് | 500250<br>ബിൽ നം. 7/20.3.19 | 10005 |

നിശ്ചിത നിരക്കിൽ നികുതി സ്രോതസ്സിൽ കുറവ് ചെയ്ത് തൊട്ടടുത്ത മാസം 10-ാം തീയതിക്കകം ഒടുക്കുന്നതിനുള്ള ബാധ്യത വാങ്ങൽ നടത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരുന്നു. നിശ്ചിത നിരക്കിലുള്ള നികുതി ജി.എസ്.ടി. നിയമം /ചട്ടങ്ങൾ പ്രകാരം ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-14 വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം - പ്രവർത്തനവിലയിരുത്തൽ നടത്തിയിട്ടില്ല.

പ്രോജക്ട് നം -50/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ- വ്യവസായ വികസന ഓഫീസർ

വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം എന്ന പദ്ധതിയിൽ പള്ളം ബ്ലോക്കിൽ 12-ാം വാർഡിലെ പൊടിപ്പാറ വിമൻ വെൽഫെയർ സൊസൈറ്റി നടത്തുന്ന ഫ്ളവർ മില്ല്, 16-ാം വാർഡിലെ സൂര്യ സ്വയം സഹായ സംഘം

എന്നിവയ്ക്ക് ഇത്തിത്താനം സർവ്വീസ് സഹകരണബാങ്കിൽ നിന്നും ലോൺ നൽകി. പിന്നീട് 3,00,000/-രൂപ വീതം ബാക്ക് എന്റ് സബ്സിഡിയായി ബ്ലോക്കിൽ നിന്നും നൽകി. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | സംഘം | ലോൺ അക്കൗണ്ട് നം. | ലോൺ തുക | സബ്സിഡി തുക | ബിൽ നം/ തീയതി |
|---|---|---|---|---|---|
| 1 | പൊടിപ്പാറ വിമൻ വെൽഫെയർ സൊസൈറ്റി | 67156433406 | 4,50,000 | 3,00,000 | 1/18-19/23.03.2019 |
| 2 | സൂര്യ സ്വയം സഹായ സംഘം | 67156433406 | 5,00,000 | 3,00,000 | 2/18-19/23.03.2019 |

എന്നാൽ മേൽ വിവരിച്ച സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സംഘങ്ങളുടെ മുതൽമുടക്ക്, വരവ് -ചെലവ് കണക്കുകൾ, മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/11.02.2020) മറുപടി ലഭ്യമാക്കുകയോ മേൽ വിവരിച്ച രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി തയ്യാറാക്കിയ റിപ്പോർട്ട്, സംഘങ്ങളുടെ മുതൽമുടക്ക്, വരവ് -ചെലവ് കണക്കുകൾ, മിനിട്സ് ബുക്ക് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-15 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നം – 34/18-19

അടങ്കൽ – 312500/- (വികസനഫണ്ട് പൊതുവിഹിതം)

312500/- (മറ്റുള്ളവ)

ആകെ – 625000/-

മേൽ പ്രോജക്ടിനായി 16-01-2019 ൽ ബിൽ നം 1/18-19 പ്രകാരം 312500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ കോട്ടയത്തിനു കൈമാറിയിരുന്നു. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്..

## 1-16 ഐ.എ.വൈ പ്ലാൻ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഭവനനിർമ്മാണ പൂർത്തീകരണത്തിനായി അവശേഷിച്ചിരുന്ന എല്ലാ ഐഎവൈ വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പി.എം.എ.വൈ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് കരാറിലേർപ്പെട്ട 28 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമേ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുള്ളൂ. എന്നാൽ ഐ.എ.വൈ പ്ലാൻ അക്കൗണ്ട് സൂക്ഷിക്കുന്ന IDBI, കഞ്ഞിക്കുഴി (അക്കൗണ്ട് നം - 0027104000210942) അക്കൗണ്ടിൽ 10.2.20ൽ 33,75,109/- രൂപ നീക്കിയിരിപ്പുണ്ട്. ഫിനാൻസ് ഇൻസ്പെക്ഷൻ (NI_H)ഡിപ്പാർട്ട്മെന്റിന്റെ 21.3.19 ലെ IW-H1/5/19 FIN നം. റിപ്പോർട്ട് പ്രകാരം ഐ.എ.വൈ. അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകയിൽ ആവശ്യമായ തുക കിഴിച്ച് മിച്ചം നിൽക്കുന്ന സർക്കാരിലേക്ക് തുക തിരിച്ചടയ്ക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് പരിശോധിച്ച് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പി.എം.എ.വൈ.ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഗുണഭോക്താവിന് തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം. | 8/19 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ.ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 8/15.5.18 |

പി.എം.എ.വൈ.ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട ശ്രീമതി ഓമന മോഹനൻ, കാരാണിയിൽ, വടവാളൂർ എന്നയാൾക്ക് ധനസഹായം നല്കിയപ്പോൾ 60,000/- രൂപ അധികം നല്കിയതായി കാണുന്നു. ടി തുകയിൽ 44,800/- രൂപ ടിയാൾ തിരികെ ഒടുക്കിയിട്ടുണ്ട്. (31.8.18ൽ 29800 രൂപ, 4.10.18 ൽ 15000 രൂപ) ഇനിയും ടിയാൾക്ക് 3320/- രൂപ കൂടി നല്കുവാൻ അവശേഷിക്കുന്നു. ആയതിനാൽ അധികമായി നല്കിയ തുകയിൽ ഇനിയും അവശേഷിക്കുന്ന 15200/- രൂപയിൽ 3320/- രൂപ കിഴിച്ച് 11,880/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-18 കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചില്ല – കാരണം രേഖപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം | 61/19 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് വിജയശ്രീ സ്ത്രീ സൗഹൃദ പദ്ധതി |
| നിർവഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| ബിൽ നം. | 6/16.3.19 |

സാനിറ്ററി പാഡ് ഡിസ്പോസർ, നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനമായ ഫ്ളോറൂട്ട് ടെക്നോളജി, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിനു പകരം കൂടിയ നിരക്ക് ക്വോട്ട് ചെയ്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIEL) എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും സാധനങ്ങൾ വാങ്ങുകയും ചെയ്തു എന്ന് പ്രോജക്ട് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് | | | ഫ്ളോററ്റ് ടെക്നോളജി . തിരുവനന്തപുരം | | | വ്യത്യാസം |
|---|---|---|---|---|---|---|---|
| | എണ്ണം | ക്വോട്ട് ചെയ്ത നിരക്ക് | ആകെ വില | എണ്ണം | ക്വോട്ട് ചെയ്ത നിരക്ക് | ആകെ വില | |
| സാനിറ്ററി പാഡ് ഡിസ്പോസർ | 6 | 24750 | 148500 | 6 | 24500 | 147000 | |
| നാപ്കിൻ വെൻഡിംഗ് മെഷീൻ | 4 | 15850 | 63400 | 4 | 11800 | 47200 | |
| ആകെ | | | 211900 | | | 194200 | 17600 |

6.2.19 ലെ പർച്ചേസ് കമ്മിറ്റി മിനിട്സ് പ്രകാരം KSIEL എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കാതിരുന്നതുവഴി 17600/- രൂപ അധികമായി

ചെലവഴിക്കാനിടയായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/11.02.2020) ഗുണനിലവാരം കൂടിയ ഉപകരണമെന്നതിനാലാണ് KSIEL നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കുകയും എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയും ചെയ്തു. ടി വിവരം മിനിട്സിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇത്തരത്തിൽ വാങ്ങലുകൾ നടത്തേണ്ടി വരുമ്പോൾ കൃത്യമായി കാരണം മിനിട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 കുറിച്ചി പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നല്കൽ -വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 105/19 |
| പ്രോജക്ടിന്റെ പേര് | കുറിച്ചി പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നല്കൽ |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ബിൽ നം. | 1/30.5.18 |
| അടങ്കൽ -വികസന ഫണ്ട് (ജനറൽ ) | 1015900 |
| ചെലവ് -വികസന ഫണ്ട് (ജനറൽ ) | 1015900 |

കുറിച്ചി പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് പെട്ടിയും പറയും നല്കൽ എന്ന പ്രോജക്ട് പ്രകാരം 10,15,900/- രൂപ കുറിച്ചി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ടിയിനത്തിലെ 10,15,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-20 വിനിയോഗ സാക്ഷ്യപത്രമില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ വിവിധ പഞ്ചായത്തുകൾക്ക് ചുവടെ ചേർക്കുംപ്രകാരം വിഹിതം കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം. | തുക കൈമാറിയ സ്ഥാപനം | നല്കിയ തുക | ബിൽ നം. |
|---|---|---|---|
| 8/19<br>പിഎംഎ.വൈ.ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി) | അയർക്കുന്നം ഗ്രാ.പ | 600000 | 42/25.9.18 |
| 7/19<br>പിഎംഎ.വൈ.ലൈഫ് ഭവന നിർമ്മാണ പദ്ധതി | അയർക്കുന്നം | 710268 | 29/13.8.18 |
| | പനച്ചിക്കാട് | 1400000 | |
| | പുതുപ്പള്ളി | 874176 | |
| | | | |

| | | | |
|---|---|---|---|
| | കുറിച്ചി | 1400000 | |
| | വിജയപുരം | 392452 | |
| | കുറിച്ചി | 457624 | 43/2439.18 |
| | പനച്ചിക്കാട് | 239080 | |
| 18/19<br>ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും നല്കൽ | കുറിച്ചി | 50000 | 72/18.2.19 |
| | പനച്ചിക്കാട് | 50000 | |
| | കുറിച്ചി | 175000 | 79/18.2.19 |
| | പനച്ചിക്കാട് | 250000 | |
| | അയർക്കുന്നം | 150000 | |

ടി തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം അതാത് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ - അനുവദനീയമായ നിരക്കിൽ അധികമായി തുക നല്കി

പ്രോജക്ടിന്റെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം നൽകൽ

ബിൽ നം - 1/18-19 26.11.2019 250000/-

2/18-19 27.12.2019 250000/-

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം 2018-19 വർഷത്തിൽ 20 വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. 14/02/2018 ലെ സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ

ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സ് | അനുവദനീയമായ സ്കോളർഷിപ്പ് |
|---|---|---|
| 1 | മെഡിക്കൽ കോഴ്സ് | 30000/- |
| 2 | എഞ്ചിനീയറിംഗ് കോഴ്സ് | 25000/- |
| 3 | ബിരുദം | 20000/- |
| 4 | ബിരുദാനന്തര ബിരുദം | 30000/- |
| 5 | ഗവേഷണം | 30000/- |
| 6 | പോളിടെക്നിക് | 20000/- |
| 7 | മറ്റ് കോഴ്സുകൾ (സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ) | 15000/- |
| 8 | സംസ്ഥാനത്തിനു പുറത്തുള്ള അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സുകൾ | 50000/- |
| 9 | എൻട്രൻസ് കോച്ചിംഗ്. | 5000/- |

എന്നാൽ പട്ടികജാതി വികസന ഓഫീസർ ഈ മാർഗ്ഗരേഖാ നിർദ്ദേശങ്ങളേക്കാൾ അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കോഴ്സ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | നന്ദന പി ബിജു | ബി എസ് സി ഒപ്റ്റോമെട്രി മൂന്നാംവർഷം ലിറ്റിൽ ഫ്ലവർ ഇൻസിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് | 25000 | 20000 | 5000 |
| 2 | അഞ്ജലി കെ സോമൻ | ജനറൽ നേഴ്സിംഗ് & മിഡ്‌വൈഫറി, മൂന്നാംവർഷം,മെഡിക്കൽ കോളേജ് കോട്ടയം | 25000 | 15000 | 10000 |
| 3 | രാഹുൽ രാജ് | ബി.കോം ഫിനാൻസ് & ലേണിംഗ്, ഗിരിദീപം ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ് ലേണിംങ് | 25000 | 20000 | 5000 |
| 4 | ജിനീഷ എസ് | ബാച്ച്ലർ ഓഫ് ഫിസിയോതെറാപ്പി, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | 25000 | 20000 | 5000 |
| 5 | രേഖവേണി എം | ബി എ എകണോമിക്സ് ബി സി എം കോളേജ് കോട്ടയം | 25000 | 20000 | 5000 |
| 6 | അഞ്ജന ശശികുമാർ | ബിഎസ്‌സി നേഴ്സിംഗ്, ഇന്ദിരാഗാന്ധി കോളേജ് ഓഫ് നേഴ്സിംഗ്, കൊച്ചി | 25000 | 20000 | 5000 |

| | | | | | |
|---|---|---|---|---|---|
| 7 | ശ്രീജ തങ്കപ്പൻ | ആയുർവേദ നേഴ്സിംഗ് & പഞ്ചകർമ്മ, അമൃത പാരമെഡിക്കൽ ട്രെയിനിംഗ് സെന്റർ | 25000 | 15000 | 10000 |
| | | | | ആകെ | 45000/- |

ധനസഹായ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി അനുവദിച്ച 45000/- രൂപ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2018-19 | 22.08.2019 | കെഎസ്എ.കെടിഎം.പി.15/1331/2019/29.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക നല്കിയ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മധുരംചേരി കുടിവെള്ള പദ്ധതി | 15.5.18 | 100000 | 0 | 100000 |
| | ലൗലിലാന്റ് കുടിവെള്ള പദ്ധതി -കുറിച്ചി ഗ്രാ.പ. | 15.5.18 | 600000 | 0 | 600000 |
| | പാപ്പാൻചിറ കുടിവെള്ള പദ്ധതി ,ഗ്രാപ | 4.5.18 | 500000 | 0 | 500000 |
| | സചിവോത്തമപുരം പഴയകോളനിശ്രീധരൻ രക്തസാക്ഷിമണ്ഡപത്തിനു സമീപം കുടിവെള്ളപദ്ധതി | 15.5.18 | 500000 | 0 | 500000 |
| | മുണ്ടികുന്നേൽ കുടിവെള്ളപദ്ധതി | 18.2.19 | 500000 | 0 | 500000 |
| | നെടുംപുഞ്ച കുടിവെള്ളപദ്ധതി | 23.5.18 | 500000 | 0 | 500000 |
| മൈനർ ഇറിഗേഷൻ വകുപ്പ് | കുളമ്പ്കാട്ടുചിറ ചാലാച്ചിറ തോട് ശുചിയാക്കൽ | 26.6.18 | 708640 | 0 | 708640 |
| | കുളമ്പ്കാട്ടുചിറ ചാലാച്ചിറ തോട് സംരക്ഷണം | 21.12.18 | 1037500 | 0 | 1037500 |
| | ഇരവിനല്ലൂർ കണ്ണംകുളങ്ങര വാച്ചാൽ ശുചിയാക്കൽ | 26.6.18 | 700000 | 0 | 700000 |
| | മാങ്ങാനം മന്ദിരം കലുങ്ക് തോട് ശുചീകരണം | 19.6.18 | 700000 | 0 | 700000 |
| വാട്ടർ | വലിയ പാറ പേരത്ത് കുടിവെള്ള പദ്ധതി | 16.3.19 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | | | | | |
| ജില്ലാ പഞ്ചായത്ത് | വട്ടയ്ക്കാട്ട് കുടിവെള്ള പദ്ധതി | 18.2.19 | 700000 | 0 | 700000 |
| | മാടയ്ക്കത്തോട് ട്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം അയർക്കുന്നം ഗ്രാ.പ | 18.2.19 | 600000 | 0 | 600000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. വായ്പ തുകയുടെ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2019 വരെ വായ്പ എടുത്ത തുക | 01.04.2018-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2018-19 വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ. (എം.എസ്.) നം.193/13/ തസ്വഭവ 24.05.2013 | പുതുപ്പള്ളി എസ്.സി.ബി. ലിമിറ്റഡ് നം.3831<br>A/C No. 00031828000000 | 25 ലക്ഷം | 1500000 | 250000 | - | 12,50,000/- |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ. (എം.എസ്.) നം.90/13/ തസ്വഭവ 14.03.2013 | പനച്ചിക്കാട് റീജിയണൽ എസ്.സി.ബി. ലിമിറ്റഡ് നം.3959<br>A/C No. 0141290000001 | 47.5 ലക്ഷം | 608,026/- | - | - | 608,026/- |

2019-20 വർഷത്തിൽ മുതലും പലിശയും തിരിച്ചടച്ച് 2 ലോണുകളും ക്ളോസ് ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28, 34 എ | 2003-04 | പേജ് 63 | 1) പനച്ചിക്കാട്- വെള്ളൂവാക്കൽപ്പാടം സംരക്ഷണഭിത്തി 17,000- രൂപ<br>2) റോഡ് നിർമാണം (പനച്ചിക്കാട്- മലവേടർ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | നിയമസഭ സമിതി പരിഗണിച്ചിട്ടില്ല |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ ) | 67998437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52488041 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,31,388 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 45,000 | ശ്രീ.സന്തോഷ് ശിവാനന്ദൻ, എസ്.സി.ഡി.ഒ. |
| ആകെ | 45,000 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 50,000 | ശ്രീ.സന്തോഷ് ശിവാനന്ദൻ, എസ്.സി.ഡി.ഒ. |
| 1-11-1 | 7,878 | ഡോ.രേഖ ആർ., മെഡിക്കൽ ഓഫീസർ – സി.എച്ച്.സി.അയർക്കുന്നം |
| 1-11-2 | 7,610 | ഡോ.രശ്മി ജി., മെഡിക്കൽ ഓഫീസർ – സി.എച്ച്.സി., സചിവോത്തമപുരം |
| 1-11-3 | 4,50,000 | ഡോ.മായ എസ്.രാജപ്പൻ, മെഡിക്കൽ ഓഫീസർ – സി.എച്ച്.സി., കുറിച്ചി |
| 1-19 | 10,15,900 | ശ്രീമതി മിനി എസ്.തമ്പി, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| ആകെ | 15,31,388 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് ശിവാനന്ദൻ, എസ്.സി.ഡി.ഒ. | എസ്.സി.ഡി.ഒ., പള്ളം ബ്ലോക്ക് പഞ്ചായത്ത് | മോനിഷ് കോട്ടേജ് കുന്നനാട് പൂഴിനാട് പി.ഒ., കാട്ടാക്കട തിരുവനന്തപുരം 695125 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(1)/2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(2)/2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(3)/2018/07.05.2018 | 8 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(4)/2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(5)/2018/07.05.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(6)/2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(7)/2018/07.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(8)/2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(9)/2018/07.05.2018 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(10)/2018/07.05.2018 | 4 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(11)/2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(12)/2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(13)/2018/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(14)/2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623/18/18.01.2018 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1849/2018/29.10.18 | 32 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.15176/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി : 05.05.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ

**പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**